കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെമ്പായം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1843/17 തിരുവനന്തപുരം,
തീയതി:13.08.2017
e-mail:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി,
വെമ്പായം ഗ്രാമപഞ്ചായത്ത്
സർ,

വിഷയം: വെമ്പായം ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1843/17 തീയതി: 13.08.2017

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.16മുതൽ 31.07.2017തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.08.2017 മുതൽ 17.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്യാമപ്രിയ .എസ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | |
| | ശ്രീ.അരുൺ ദേവ് .വി.ആർ | ഓഡിറ്റർ |
| | ശ്രീമതി.അനലക്ഷ്മി.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.എസ്.ചിത്രലേഖ (01.04.2016 മുതൽ 31.03.17 വരെ) | കാവിൻപുറത്ത് വീട്, വാക്കാട്, കൊഞ്ചിറ പി.ഒ |
| സെക്രട്ടറി | ശ്രീ.പി.കൃഷ്ണകുമാർ (01.04.2016 മുതൽ 09.06.2016 AN വരെ) | പത്മ ഭവൻ, ഇരവൂർ, ആര്യനാട് പി.ഒ, തിരുവനന്തപുരം-695542 |
| | ശ്രീ.എ.ഷാജഹാൻ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) (10.06.2016 ANമുതൽ 22.06.2016 വരെ) | ആഷീ, കൃഷിഭവന് സമീപം, ആനാട് |
| | ശ്രീ.ഷാജി ബോൺസ് ലെ (23.06.2016 മുതൽ 13.07.2016 വരെ) | |
| | ശ്രീ.എ.തങ്കപ്പൻ (14.07.2016 മുതൽ 31.03.2017 വരെ) | കുഞ്ഞ് വീട്, മാങ്കുഴി, പാങ്ങപ്പാറ പി.ഒ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എ.ഷാജഹാൻ (01.04.2016 മുതൽ 01.01.2017 വരെ) | ആഷീ, കൃഷിഭവനു സമീപം, ആനാട് |
| | ശ്രീ.സജുകുമാർ (02.01.2017 മുതൽ 31.03.2017 വരെ) | എസ്.വി നിവാസ്, വെഞ്ഞാറമൂട് പി.ഒ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരോജ ദേവി.ടി.ഒ (01.04.2016 മുതൽ 31.03.2017 വരെ | എൽ.എസി.ജി.ഡി, സെക്ഷൻ വെമ്പായം |
| വി.ഇ.ഒ | ശ്രീ.അരുൺ (01.04.2016 മുതൽ 31.03.2017 വരെ | അരുണോദയം, ജി.സി നഗർ, TC 5/796(2) പേരൂർക്കട പി.ഒ |

| | | |
|---|---|---|
| എച്ച്.എം | ശ്രീമതി.വിമല ദേവി.റ്റി<br>(01.04.2016 മുതൽ 31.03.2017 വരെ | ഭവാനി, പിരപ്പൻകോട് പി.ഒ<br>9495903110 |
| വെറ്ററിനറി സർജൻ | ഡോ.ബോബി.എസ്.മാന്വൽ<br>(01.04.2016 മുതൽ 31.03.2017 വരെ | ph:9447624450 |
| കൃഷി ഓഫീസർ. | ശ്രീ.രഞ്ജിത് രാജ്.കെ<br>(01.04.2016 മുതൽ 31.03.2017 വരെ | ശാലോം, ഗാഫ് ഹിൽ - GHRA 14 , ശ്രീകാര്യം പി.ഒ, തിരുവനന്തപുരം - 17<br>695017<br>ph:0472 2830847 |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.അനിൽ.എസ്.കെ<br>(01.04.2016 മുതൽ 19.01.2017 വരെ) | ELANGAM, GNRA B 20,KUDAPPANAKUNNU P O<br>9400050580 |
| | ഡോ.ലക്ഷ്മി പ്രിയ<br>(20.01.2017 മുതൽ 31.03.2017 വരെ) | വി.എസ്. ഭവൻ<br>കുടവൂർ പി.ഒ<br>വെങ്ങോട്, തിരുവനന്തപുരം-695313 |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ബി.എസ്.മിനി<br>(01.04.2016 മുതൽ 31.01.2017 വരെ) | ശ്രുതിലയം, TC10/61, മണ്ണന്തല പി.ഒ, തിരുവനന്തപുരം<br>mob:9846033514 |
| | ഡോ.ദീപ<br>( 01.02.2017 മുതൽ 27.03.17 വരെ) | ഗവ.ആയുർവേദ ഡിസ്പെൻസറി, മുദാക്കൽ<br>mob:8281271906 |
| | ഡോ.ഷൈലി.എസ്.രാജൻ<br>( 28.03.2017 മുതൽ 31.03.17 വരെ) | mob:9497878821 |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി ) | ഡോ.മഞ്ജു ഇക്ബാൽ<br>(01.04.2016 മുതൽ 31.03.2017 വരെ) | നന്ദനം, TLRA 59(A), തൊപ്പി ലൈൻ, കുമാരപുരം, മെഡിക്കൽ കോളേജ്, |

| | | |
|---|---|---|
| | | തിരുവനന്തപുരം - 695011<br>mob:9846471838 |
| | ഡോ.നിഷ.എം<br>(01.08.2016 മുതൽ 31.03.2017 വരെ) | T C 49/50(3), കമലേശ്വരം, മണക്കാട് പി.ഒ , തിരുവനന്തപുരം- 695009 |
| ഐ.സി.ഡി.എസ് | ശ്രീമതി.സ്വപ്ന.കെ.പി<br>(01.04.2016 മുതൽ 31.03.2017 വരെ) | കുറ്റാലുംപറമ്പത്ത്, ചോളന്നൂർ, കോഴിക്കോട്.<br>പിൻ- 673616 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സ്റ്റാൻഡിംഗ് കമ്മിറ്റി- പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല | 1-1 | |
| 2 | മറ്റ് നിരീക്ഷണങ്ങൾ | 1-2 | |
| 3 | ബജറ്റ് | 1-3 | |
| 4 | വാർഷിക ധനകാര്യ പത്രിക | 1-4 | |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-5 | |
| 6 | സാമ്പത്തിക വിശകലനം | 1-6 | |
| 7 | ഫണ്ട് വിനിയോഗം | 1-7 | |
| 8 | പദ്ധതി അവലോകനം | 1-8 | |
| 9 | തനത് വരുമാനം | 1-9 | |
| 10 | ക്ഷേമപദ്ധതികൾ | 1-10 | |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 | |

| | | | |
|---|---|---|---|
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| 13 | അനുബന്ധ പത്രികകൾ | 1-13 | |
| | ഭാഗം 2 | | |
| 14 | കല്ലുവാക്കുഴി പാലം നവീകരണം -കരാർ ചമക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല | 2-1 | |
| 15 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-2 | |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-3 | |
| 17 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 | |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല | 2-5 | |
| 19 | D&O ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു. | 2-6 | |
| 20 | കെ.എസ് .ഇ .ബി ആവശ്യത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള മുറികളുടെ വാടക ഈടാക്കുന്നില്ല | 2-7 | |
| 21 | പഞ്ചായത്ത് പരിധിയിലെ മാർക്കറ്റുകൾ ലേലം ചെയ്ത് നൽകിയിട്ടില്ല | 2-8 | |
| 22 | തൊഴിൽ/സ്ഥാപനനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 2-9 | |
| 23 | പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല | 2-10 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 24 | *മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവും നൽകുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അധികച്ചെലവ്- ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.* | 3-1 | |
| 25 | *ആശ്രയ ഭവന നിർമാണ മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല* | 3-2 | |
| 26 | കുറ്റിയാണി സ്കൂൾ മെയിന്റനൻസ് - സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3-3 | |
| 27 | *കന്യാകുളങ്ങര സ്കൂൾ മെയിന്റനൻസ് (റിവൈസ്ഡ് )ഡി.പി.സി അംഗീകാരം വാങ്ങിയിട്ടില്ല-367588/- രൂപ തടസ്സപ്പെടുത്തുന്നു.* | 3-4 | |
| 29 | നീന്തൽ പരിശീലനം ( മാർഗ്ഗദീപം)- മാർഗരേഖയ്ക്ക് വിരുദ്ധം | 3-5 | |
| 30 | പഠനവീട് - മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു | 3-6 | |
| 31 | വിദ്യാഭ്യാസം പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ അപാകം | 3-7 | |
| 32 | ഘടകസ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ - അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 | |
| 33 | ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-9 | |
| 34 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-10 | |

| | | | |
|---|---|---|---|
| 35 | വി.ഇ.ഒ രേഖകൾ യഥാസമയം ഹാജരാക്കിയില്ല – 9761700/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 | |
| 36 | *ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല* | 3-12 | |
| 37 | ആയുർവേദം,അലോപ്പതി മരുന്നുകൾ ലഭിച്ചിട്ടില്ല. | 3-13 | |
| 38 | തനത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ | 3-14 | |
| 39 | ന്യൂട്രിമിക്സ് ഗുണനിലവാരം പരിശോധനാവിധേയമാക്കുന്നില്ല. | 3-15 | |
| 40 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ അംഗൻവാടി പ്രവൃത്തിക്കുന്നു | 3-16 | |
| 41 | *പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം* | 3-17 | |
| 42 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-18 | |
| | ഭാഗം 4 | | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 | |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 46 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 48 | ഓഡിറ്റ് റിക്കവറി | 4-6 | |
| 49 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 സ്റ്റാൻറിംഗ് കമ്മിറ്റി- പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല.

2000ലെ കേരളപഞ്ചായത്ത് രാജ്(സ്റ്റാറ്റിംഗ് കമ്മിറ്റി ചട്ടങ്ങൾ) ചട്ടങ്ങൾ ചട്ടം16(1)പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവുംകുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി 2016 ഏപ്രിൽ,നവംമ്പർ,ഡിസംമ്പർ എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21ന് കുടുബശ്രീ പരിശീലനം കേരളോൽസവം തുടങ്ങിയ തിരക്കുകൾ കാരണമാണ് കമ്മറ്റികൾ ചേരുന്നതിന് സാധിക്കാതിരുന്നത് എന്ന് മറുപടി ലഭിച്ചു. കേരളപഞ്ചായത്ത് രാജ്(സ്റ്റാറ്റിംഗ് കമ്മിറ്റി ചട്ടങ്ങൾ) ചട്ടങ്ങൾക്കനുസൃതമായി സ്റ്റാൻറിംഗ് കമ്മിറ്റികൾ കൂടുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 മറ്റ് നിരീക്ഷണങ്ങൾ

എസ്.സി.പി പ്രോജക്ടുകളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. റോഡ്കണക്ടിവിറ്റി മാപ്പും റോഡ്കണക്ടിവിറ്റി പ്ളാനും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി ഭരണസമിതി അംഗീകാരം വാങ്ങിയിട്ടില്ല. എ.ഇ പ്രോജക്ട് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. ക്യാഷ് ബുക്ക് എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് 2016-17 ൽ നടത്തിയ വിവിധ മെയിന്റനൻസ് പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് അധിക പ്രവൃത്തി ചെയ്ത് നൽകാൻ ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഭരണസമിതി നിർവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയിട്ടുണ്ട് . എന്നാൽ ഇപ്രകാരം ടെണ്ടർ നടപടി പൂർത്തിയായ പ്രവൃത്തികൾക്കു ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പി.ഡബ്ല്യൂ.ഡി മാന്വൽ / കെ.പി.ആർ പൊതുമരാമത്ത് ചട്ടം അനുവദിക്കുന്നില്ല. നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നിൽപ്പോലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

## 1-3 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 21.03.16തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.എന്നാൽ സംസ്ഥാന നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ പ്രുതത ബജറ്റ് 08.08.2016 1 ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. ഇത് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 250986275 /- രൂപയും പ്രതീക്ഷിത ചെലവ് 230107289/- രൂപയും നീക്കിയിരിപ്പ് 20878986/- രൂപയുമാണ്. വികസനഫണ്ടിൽ വന്ന വ്യത്യാസം മൂലം 27.02.2017 ൽ മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 255906622 /- രൂപയും പ്രതീക്ഷിത ചെലവ് 235027636/- രൂപയും നീക്കിയിരിപ്പ് 20878986/-

രൂപയുമായി ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-4 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | |

## 1-5 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | 26759126 |
| വരവ് | 70674575 |
| ആകെ | 97433701 |
| ചെലവ് | 63552966 |
| നീക്കിയിരുപ്പ് | 33880735 |

## 1-7 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Vpfa II(a) | 0 | 16943002 | 16943002 | 16943002 | 0 |
| Vpfa II(b) | 0 | 3091083 | 3091083 | 3091083 | 0 |
| Vpfa II(c) | 0 | 465000 | 465000 | 465000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4824211 | 4824211 | 4824211 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ | 0 | 4244595 | 4244595 | 4244595 | 0 |

| | | | | | |
|---|---|---|---|---|---|
| റോഡ്) | | | | | |
| CFC | 0 | 8287823 | 8287823 | 8287823 | 0 |
| KLGSDP | 0 | 191759 | 191759 | 191759 | 0 |
| TSB A/C | 20110856 | 11870304 | 31981160 | 16751846 | 15229314 |
| ബി.ഫണ്ട് | 0 | 1673880 | 1673880 | 1673880 | 0 |
| DCB OWN FUND | 6624609 | 17591932 | 24216541 | 5685147 | 18531394 |
| SCB OWN FUND | 1500 | 0 | 1500 | - | 1500 |
| Relief fund | 3531 | 190 | 3721 | 0 | 3721 |
| MNREGS | 2087 | 1377390 | 1379477 | 1378034 | 1443 |
| Literacy | 1429 | 43 | 1472 | 1472 | 0 |
| Cash in hand | 15114 | 113363 | 128477 | 15114 | 113363 |
| ആകെ | 26759126 | 70674575 | 97433701 | 63552966 | 33880735 |

വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ

1. 2015-16 General ledger trial balance പ്രകാരമുള്ള നീക്കിയിരിപ്പ് 504688221/-രൂപയാണ്.എന്നാൽ 2016-17 ലെ General ledger trial balance പ്രകാരമുള്ള മുന്നിരിപ്പ് 87647554/-രൂപയാണ്.

2. 2016-17 വാർഷികധനകാര്യപത്രിക RP-43 Schedule പ്രകാരം D&O ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായി 600/-രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 2015-16 വാർഷികധനകാര്യപത്രിക B-15 Schedule -ൽ D&O ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

3. VPFA-II(A),II(B),II(C),III(road,non-road) തനത് ഫണ്ട് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

4. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

5. നികുതി വരവുകളിൽ വ്യത്യാസം

| ഇനം | രജിസ്റ്റർ പ്രകാരം തുക | AFS പ്രകാരം തുക |
|---|---|---|

| | | |
|---|---|---|
| D&O ലൈസൻസ് (തൻ വർഷം ) | 97050 | 114290 |
| D&O ലൈസൻസ് (കുടിശിക ) | 400 | 600 |
| തൊഴിൽ നികുതി | 1243950 | 1245450 |

## 1-8 പദ്ധതി അവവോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് | നടപ്പാക്കാ ത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 77338672 | 129 | 43463005 | 4 | 37 | 75.88 |

## 1-9 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 1204140 | 1507680 | 303540 |
| കെട്ടിട നികുതി | 1685921 | 2872626 | 1186705 |
| പരസ്യ നികുതി | 23500 | 24000 | 500 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 53455 | 1200 | -52255 |
| വാടക | 70275 | 88270 | 17995 |
| ഡി & ഓ ലൈസൻസ് | 79800 | 114890 | 35090 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 1965800 | 1213364 | -752436 |
| ആകെ | 5082891 | 5822030 | 739139 |

## 1-10 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 5349000 | 720 |
| തൊഴിൽരഹിത വേതനം | 914880 | 522 |
| വിധവാ പെൻഷൻ | 16247900 | 1818 |
| വികലാംഗ പെൻഷൻ | 4237200 | 479 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 312200 | 37 |
| വാർദ്ധക്യ പെൻഷൻ | 25039000 | 3063 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 750000 | 25 |
| ആകെ | 52850180 | |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2017 രാവിലെ 10.10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16848 /- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017 | 05/2017-06/2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ | 18.06.2015 മുതൽ | 2010-11 മുതൽ 2014-15 വരെ | 13.08.2015 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 04.07.2015 വരെ | | |

## 1-13 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കല്ലുവാക്കുഴി പാലം നവീകരണം -കരാർ ചമക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നം - 177/17

അടങ്കൽ - 487467/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

എം ബുക്ക് നം. - 222/16-17

ബിൽ നം. - 31/16-17

ചെലവ് - 358272, 31.03.2017

കരാർ നം. - 46/AE/LSGD/VBM/16-17/13.02.17

ടെൻണ്ടർ ഡിഡക്ഷൻ - 21.5%

കരാറുകാരകൻ - എം.അനിൽ കുമാർ

സെലക്ഷൻ നോട്ടീസ് നം. - A7/17/19.01.17

കല്ലുവാക്കുഴി പാലം നവീകരണ പ്രോജക്റ്റിന് കരാർ ചമയ്ക്കാൻ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസം സമയം അനുവദിച്ചു. എന്നാൽ കരാറുകാരൻ 13.02.17 ന് മാത്രമാണ് നിയമാനുസരണം കരാർ ചമച്ചത്. സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം പി.എ.സി യുടെ 1% പിഴ ഈടാക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (ജി.ഒ.പി.13/2012 /pwd / 1.2.12 – pwd manual ഖണ്ഡിക.2009.6 ). പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

382662(487467 – 21.5% EB) x 1 /100 = 3827/- രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് പ്രദേശവാസികളുടെ എതിർപ്പ് മൂലം സൈറ്റ് ഹാൻഡോവർ ചെയ്യാൻ കാലതാമസം നേരിട്ടു എന്ന മറുപടിയാണ് ലഭിച്ചത്.നിർവ്വഹണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടോ കമ്മിറ്റിയുടെ തീരുമാനമോ ഫയലിൽ ഇല്ലാത്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കുന്നില്ല. പിഴ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 2-2 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ57575രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 105/17 | മുരമേൽ അയ്യപ്പൻകോണം റോഡ് മെറ്റലിംഗ് & ടാറിംഗ് | 1550 | 3 | 4650 |
| 2 | 106/17 | വൈപ്രതല കല്ലിയൂർകോണം റോഡ് മെറ്റലിംഗ് & ടാറിംഗ് | 1550 | 2 | 3100 |
| 3 | 84/17 | സെന്റ് തോമസ് റോഡ് റീട്ടാറിംഗ് | 1550 | 3 | 4650 |
| 4 | 98/17 | മണാലി ചെന്നംപുറം ഇടവിളാകം ചിറകോണം റോഡ് സൈഡ് വാൾ | 1550 | 6 | 9300 |
| 5 | 102/17 | മുളൻകാട് വെറ്റിനാട് ശാന്തിമന്ദിരം റോഡ് മെറ്റലിംഗ്,റീട്ടാറിംഗ്, ഐറിഷ് ഡ്രയിൻ | 1550 | 1 | 1550 |
| 6 | 103/17 | ഇട്ടുക്കുംതല നെട്ടയത്ത് വിള റോഡ് മെറ്റലിംഗ് & ടാറിംഗ് | 1550 | 3 | 4650 |
| 7 | 166/17 | കുളക്കോട്ട് കോണം കല്ലുവാകുഴി | 1550 | 2 | 3100 |

| | | | | | |
|---|---|---|---|---|---|
| | | കള്ളിക്കോണം റോഡ് മെറ്റലിംഗ് & ടാറിംഗ് | | | |
| 8 | 89/17 | വയലിക്കട കാരംക്കോട് റോഡ് മെറ്റലിംഗ് & ടാറിംഗ് | 1550 | 2 | 3100 |
| 9 | 94/17 | നീരാഴി ഈയംവെട്ടി റോഡ് മെറ്റലിംഗ് & ടാറിംഗ് | 1550 | 2 | 3100 |
| 10 | 141/17 | ആശ്രയ ഭവന നിർമാണം | 2625 | 3 | 7875 |
| 11 | 182/17 | മുരമേൽ അംഗൻവാടി | 2500 | 3 | 7500 |
| 12 | 181/17 | പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | 2500 | 2 | 5000 |
| ആകെ | | | | | 57575 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. വെമ്പായം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 105733/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.വിശദാംശം ചുവടെ

| ക്രമ നം. | പ്രവർത്തിയുടെ പേര് | കോൺട്രാക്ടർ/ കൺവീനർ | ഒടുക്കിയ തുക | ട്രഷറി/ തീയതി |
|---|---|---|---|---|
| 1 | കൊഞ്ചിറ കോമ്പൗണ്ട് വാൾ | അജിത് കുമാർ | 1148 | നെടുമങ്ങാട് സബ് ട്രഷറി 31.01.17 |
| 2 | കൊഞ്ചിറ സ്കൂൾ മെയിന്റെനൻസ് | അജി.ബി.എ | 3271 | നെടുമങ്ങാട് സബ് ട്രഷറി |

| | | | | |
|---|---|---|---|---|
| | | | | 31.01.17 |
| 3 | കനക്കോട് ഷോപ്പിംഗ് കോംപ്ലക്സ് ഷട്ടർ | രാമചന്ദ്രൻ നായർ | 887 | നെടുമങ്ങാട് സബ് ട്രഷറി 31.01.17 |
| 4 | വെട്ടുപാറ അംഗൻവാടി മെയിന്റെനൻസ് | എസ്.ബാബു | 888 | നെടുമങ്ങാട് സബ് ട്രഷറി 21.02.17 |
| 5 | കൊടിക്കുന്നിൽ കീഴതിൽ നട റോഡ് മെയിന്റെനൻസ് | ആർ.രഘുനാഥൻ നായർ | 1718 | നെടുമങ്ങാട് സബ് ട്രഷറി 21.02.17 |
| 6 | പൻകോട്ട്കോണം കോളനി കിണർ മെയിന്റെനൻസ് | ബാബു.ആർ | 465 | നെടുമങ്ങാട് സബ് ട്രഷറി 21.02.17 |
| 7 | തേക്കട നെട്ടയകോട് റോഡ് റീട്ടാറിംഗ് | പി.രത്നാകരൻ | 4210 | നെടുമങ്ങാട് സബ് ട്രഷറി 21.02.17 |
| 8 | എൻ.ആർ.ഇ.ജി.എസ്. ബിൽഡിംഗ് പെയിന്റിംഗ് | എം.അനിൽകുമാർ | 570 | നെടുമങ്ങാട് സബ് ട്രഷറി 21.02.17 |
| 9 | ഇടത്തറ പൊയ്ക സ്ലാബ് സെഡ്വാൾ | രാധാകൃഷ്ണൻ നായർ | 767 | നെടുമങ്ങാട് സബ് ട്രഷറി 10.03.17 |
| 10 | തിട്ടയത്തി കോണം അംഗൻവാടി മെയിന്റെനൻസ് | ജി.സുകുമാരൻ നായർ | 747 | നെടുമങ്ങാട് സബ് ട്രഷറി 10.03.17 |
| 11 | പുൻകുമൂട് സ്കൂൾ മെയിന്റെനൻസ് | പി.ശശിധരൻ പിള്ള | 2580 | നെടുമങ്ങാട് സബ് |

| | | | | |
|---|---|---|---|---|
| | | | | ട്രഷറി<br>10.03.17 |
| 12 | താഴെമണ്ണയം റോഡ് സൈഡ് വാൾ | സുനിൽ.ആർ. എസ് | 2181 | നെടുമങ്ങാട് സബ് ട്രഷറി<br>10.03.17 |
| 13 | ഇരപ്പിൽ ഇലവൻകുഴി റോഡ് സൈഡ്വാൾ | സുനിൽ.ആർ. എസ് | 2418 | നെടുമങ്ങാട് സബ് ട്രഷറി<br>10.03.17 |
| 14 | മനാലി ചേന്നംപുറം ഇടവിലാകം റോഡ് സൈഡ്വാൾ | ജി.അനിൽ | 5138 | നെടുമങ്ങാട് സബ് ട്രഷറി<br>10.03.17 |
| 15 | കണക്കോട് അംഗൻവാടി മെയിന്റെനൻസ് | എസ്.ബാബു | 1890 | നെടുമങ്ങാട് സബ് ട്രഷറി<br>10.03.17 |
| 16 | തിട്ടയത്തികോണം അംഗൻവാടി മെയിന്റെനൻസ് | ജി.സുകുമാരൻ നായർ | 1800 | നെടുമങ്ങാട് സബ് ട്രഷറി<br>10.03.17 |
| 17 | നന്നാട്ട്കാവ് സ്കൂൾ മെയിന്റെനൻസ് | വിപിൻദാസ്.ഡി.എസ് | 2328 | നെടുമങ്ങാട് സബ് ട്രഷറി<br>17.03.17 |
| 18 | കുറ്റിയാണി സ്കൂൾ മെയിന്റെനൻസ് | അജി.ബി.എ | 1206 | നെടുമങ്ങാട് സബ് ട്രഷറി<br>29.03.17 |
| 19 | പഞ്ചായത്ത് ഓഫീസ് ന്യൂ ബിൾഡിംഗ് വയറിംഗ് | കെ.എസ്.പ്രസാദ് | 1859 | നെടുമങ്ങാട് സബ് ട്രഷറി<br>29.03.17 |

| | | | | |
|---|---|---|---|---|
| 20 | എൻ.ആർ.ഇ.ജി.എസ് ബിൽഡിംഗ് വയറിംഗ് | കെ.എസ്.പ്രസാദ് | 1363 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 21 | കന്യാകുളങ്ങര സ്കൂൾ മെയിന്റെനൻസ് | രതീഷ്.എസ് | 3327 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 22 | പ്രശാന്ത് നഗർ അംഗൻവാടി മെയിന്റെനൻസ് | ജയകുമാർ | 1872 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 23 | ആശ്രയ ഭവനനിർമാണം | അജി.ബി.എ | 7896 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 24 | അയിരൂർപാറ മാർക്കറ്റ് ഷെഡ് | രാജീവ്.ഡി | 2557 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 25 | പഞ്ചായത്ത് ഓഫീസ് മെയിന്റെനൻസ് | പ്രസാദ്.ബി | 2987 | നെടുമങ്ങാട് സബ് ട്രഷറി 29.03.17 |
| 26 | മാതവീട് കടുവാകുഴി റോഡ് റീട്ടാറിംഗ് | ജഗന്നാദ പിള്ള | 7219 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 27 | കല്ലുവാകുഴി പാലം | എം.അനിൽകുമാർ | 3811 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 28 | മാതവീട് അംഗൻവാടി മെയിന്റെനൻസ് | ജഗനാദ പിള്ള | 1872 | നെടുമങ്ങാട് സബ് ട്രഷറി |

| | | | | |
|---|---|---|---|---|
| | | | | 31.03.17 |
| 29 | മടപുരം പാലം | ജി.അനിൽ | 2623 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 30 | ഒറ്റക്കൊമ്പാ റോഡ് റീട്ടാറിംഗ് | ആർ.സുരേഷ് കുമാർ | 7231 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 31 | വെറ്റിനാട് മുളൻകാട് ശാന്തിമന്ദിരം റോഡ് | എസ്.ജയകുമാർ | 7233 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 32 | മൊറ്റമൂട് പൊൻകുമൂട് റോഡ് റീട്ടാറിംഗ് | നിസാറുദ്ദീൻ | 6981 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 33 | കറ്റ അംഗൻവാടി പൂർത്തീകരണം | എസ്.സുരേഷ് | 5465 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| 34 | പ്ലാങ്കത്തറ റോഡ് റീട്ടാറിംഗ് | രഘുനാഥൻ നായർ | 7225 | നെടുമങ്ങാട് സബ് ട്രഷറി 31.03.17 |
| ആകെ | | | 105733 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 1057/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-4 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010423581 | DIVAKARAN NAIR | ANUPAM FINANCE | MP.5/4A, MP.5/4A, VEMBAYAM,TVM, 5/4A, PIRAPPENCODE, PIRAPPENCODE |
| 32010485872 | MANOJ.M.S | C.P.FINANCE | THULASEEDALAM, 12 /1014 , VEMBAYAM GRAMA PANCHAYAT, XII, VETTINADU, VATTAPPARA |
| 32010457307 | MURALEEDHARAN NAIR | DEVI ENTERPRISES | E, 3, III, 4, vembayam, Vembayam |
| 32010480819 | P. KRISHNAN NAIR | KEERTHI FINANCE | KEERTHI FINANCE, 24, VEMBAYAM, V, NEDUVALY, KONCHIRA |
| 32010434763 | P. K. SOMARAJAN PILLAI | KESAVA BANKERS | AMINA SHOPPING COMPLEX ,1ST FLOOR,, M. P 9/509 K, NEDUMANGADU ROAD, VEMBAYAM, |
| 32010432895 | ANILKUMAR W | S.S FINANCE | MP 10/135, MP 10/135, VEMBAYAM, 10, VEMBAYAM, VEMBAYAM |
| 32010434032 | S.BALACHANDRA BABU | TRAVANCORE FINANCE | TRAVANCORE FINANCE , BUILDING NO - V.P - V / 1003 (NEW) , KONCHIRA .P.O, |

| | | | |
|---|---|---|---|
| | | | VEMBAYAM., |

മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16 ന് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ
ടവറുകളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) RELIANCE INFO COMPANY LTD ( ഡോർ നം 1/152)

| ക്രമ നം. | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 3999 | 200 | 4199 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 4000 | 200 | 4200 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 4000 | 200 | 4200 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 4000 | 200 | 4200 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 4000 | 200 | 4200 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 4000 | 200 | 4200 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 4000 | 200 | 4200 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 4000 | 200 | 4200 |
| ആകെ | | | 31999 | 1600 | 33599 |

2) TATA TELE SERVICE LTD ( ഡോർ നം 1/266/a)

| ക്രമ നം. | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 2000 | 100 | 2100 |

| | | | | | |
|---|---|---|---|---|---|
| 2 | 2013 | രണ്ടാം അർദ്ധവർഷം | 2000 | 100 | 2100 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 2000 | 100 | 2100 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 2000 | 100 | 2100 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 2000 | 100 | 2100 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 2000 | 100 | 2100 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 2000 | 100 | 2100 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 2000 | 100 | 2100 |
| ആകെ | | | 16000 | 800 | 16800 |

3) INDUS TOWERS LTD ( ഡോർ നം 4/142/A)

| ക്രമ നം. | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 2200 | 110 | 2310 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 2200 | 110 | 2310 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 2200 | 110 | 2310 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 2200 | 110 | 2310 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 2200 | 110 | 2310 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 2200 | 110 | 2310 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 2200 | 110 | 2310 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 2200 | 110 | 2310 |
| ആകെ | | | 17600 | 880 | 18480 |

4) RELIANCE COMMUNICATIONS ( ഡോർ നം 5/10)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 2889 | 145 | 3034 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 2889 | 144 | 3033 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 2889 | 145 | 3034 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 2889 | 144 | 3033 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 2889 | 145 | 3034 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 2889 | 144 | 3033 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 2889 | 145 | 3034 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 2889 | 144 | 3033 |
| ആകെ | | | 23112 | 1156 | 24268 |

5) ടവർ ( ഡോർ നം 8/634)

| ക്രമ നം. | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |

| | | | | | |
|---|---|---|---|---|---|
| 7 | 2016 | ഒന്നാം അർദ്ധവർഷം | 900 | 45 | 945 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 900 | 45 | 945 |
| ആകെ | | | 7200 | 360 | 7560 |

6) BHARATHE ARITEL LTD. ( ഡോർ നം 13/69)

| ക്രമ നം. | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 5000 | 250 | 5250 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 5000 | 250 | 5250 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 5000 | 250 | 5250 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 5000 | 250 | 5250 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 5000 | 250 | 5250 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 5000 | 250 | 5250 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 5000 | 250 | 5250 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 5000 | 250 | 5250 |
| ആകെ | | | 40000 | 2000 | 42000 |

ഈ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് ടവറുകളിൽ നിന്ന് ഈടാക്കാനുണ്ടെങ്കിൽ അവ ഈടാക്കി വിവരെ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

## 2-6 D&O ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 232(1)- ാം വകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. പഞ്ചായത്തിന്റെ പരിധിയിൽ വാണിജ്യ വ്യവസായ ഗണത്തിൽ പെട്ട 1696 കെട്ടിടങ്ങൾ നിലവിലുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം ബോധ്യപ്പെട്ടു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 328 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല(ആകെ 285 സ്ഥാപനങ്ങൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്).

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് സഞ്ചയസോഫ്റ്റ് വെയറിൽ കാണുന്ന വാണിജ്യ വ്യവസായ കെട്ടിടങ്ങൾ കൂടുതലും പ്രവർത്തനം ആരംഭിച്ചില്ലാത്തവയാണെന്നും വ്യാത്യാസം പരിശോധിച്ച് പരിഹരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.ട്രഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾകെതിരെ നിയമ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 2-7 കെ .എസ് .ഇ.ബി ആവശ്യത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള മുറികളുടെ വാടക ഈടാക്കുന്നില്ല

കണക്കോട് മാർക്കറ്റിലെ നം. VI,VII,VIII മുറികൾ 2008-09 മുതൽ KSEB ആവശ്യത്തിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. എന്നാൽ ഈ മുറികളുടെ വാടക നാളിതുവരെ ഡിമാൻഡ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വിയറിക്ക് (നം 38/16.8.2017 ) PWD നിരക്ക് നിശ്ചയിച്ചു തരാത്തതിനാലാണ് ഡിമാൻഡ് ചെയ്യാതിരുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു കൂടാതെ ഇതിൻമേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 2-8 പഞ്ചായത്ത് പരിധിയിലെ മാർക്കറ്റുകൾ ലേലം ചെയ്ത് നൽകിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 2 മാർക്കറ്റുകൾ പ്രവൃത്തിക്കുന്നുണ്ട് .എന്നാൽ ഇവ 2016-17 സാമ്പത്തിക വർഷം ലേലം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക പുനർലേല നടപടികൾ സ്വീകരിച്ചിട്ടും ആരും ലേലം കൊള്ളാൻ തയാറായില്ല എന്ന മറുപടിയാണ് ലഭിച്ചത്. വരും വർഷങ്ങളിൽ ലേലം നടത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 തൊഴിൽ/സ്ഥാപനനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം. | ജീവനക്കാർ /സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | എ. ഇ, എൽ.എസ്. ജി. ഡി | II | 1250 | 1000 | 250 |
| 2 | രജിത, GLPS,നന്നാട്ടുകാവ് | II | 1250 | 1000 | 250 |
| 3 | നെടുമങ്ങാട് | II | | ഈടാക്കിയിട്ടില്ല | |

| | | | | | |
|---|---|---|---|---|---|
| | അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | | | | |
| 4 | അനുഗ്രഹ ആഡിറ്റോറിയം | II | | ഈടാക്കിയിട്ടില്ല | |

സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | ബ്രില്ല്യൻസ് കോളേജ് | II | 1250 |
| 2 | മോന റോയ് നാഷണൽ ക്ലിനിക്ക് | II | 1250 |
| 3 | നെടുമങ്ങാട് അർബൺ കോ ഓപ്പറേറ്റീവ് ബാങ്ക് | II | 1250 |
| 4 | അനുഗ്രഹ ആഡിറ്റോറിയം | II | 1250 |
| 5 | എഡിസൺസ് സിദ്ധ ആയുർവേദ | II | 1250 |
| 6 | ശാന്തിഗിരി ക്ലീനിക്ക് | II | 1250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വിയറിക്ക് (നം 14/10.08.2017 ) നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

2016-17 കാലയളവിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി നം. | ഈടാക്കാനുള്ള തുക | | ആകെ |
|---|---|---|---|---|---|
| | | | കുടിശിക | തൻ വർഷം | |
| 1 | മധു, രാജൻ നിവാസ് | III | 5550 | 5550 | 5550 |
| 2 | തങ്കരാജൻ, മുളങ്കാട് | V | 3500 | 3500 | 3500 |
| 3 | സെക്രട്ടറി, നാഷണൽആർട്സ് ആൻഡ് സ്പോർട്സ് | IX | 3060 | 3060 | 3060 |
| 4 | താജുദീൻ, മുക്കം പാലമൂട് | കണക്കോട് മാർക്കറ്റ് I | 33240 | 17940 | 51180 |
| 5 | അനിൽ കുമാർ. വി, മണാലിയിൽ പുത്തൻ വീട് | II | 28920 | 15600 | 44520 |
| 6 | നാസുദീൻ, മുക്കം പാലമൂട് | III | 40020 | 21600 | 61620 |
| ആകെ | | | | | 169430 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/10.08.2017 ) വാടക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ പേരിൽ ചാർജ് നടപടി ശിപാർശ ചെയ്യുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിനു അധികച്ചെലവ്-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി മോർഡ് സ്പെസിഫിക്കേഷൻ അവലംബിച്ചാണ് ചെയ്തിട്ടുള്ളത്. പ്രൈസ് സോഫ്റ്റ് വെയറിൽ പ്രസ്തുത സ്പെസിഫിക്കേഷൻ ഉപയോഗിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടി നിർവ്വഹണം നടത്തി. പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദമായ മാർഗനിർദേശങ്ങൾ ധനവകുപ്പിന്റെ GO(P)30/2016/29.02.16/FIN ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർ ഹെഡ് ചാർജ്ജും, 10% കരാറുകാരന്റെ ലാഭവും നൽകിയതായിട്ടുണ്ട്. എന്നാൽ മോർത്ത് സ്പെസിഫിക്കേഷനിൽ ഡൽഹി ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് കരാറുകാരന്റെ

ലാഭവും ഓവർഹെഡ് ചാർജ്ജും കൂടി ആകെ 15% പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. മോർഡ് സ്‌പെസിഫിക്കേഷനിൽ ഇപ്രകാരം 20% നൽകാൻ സർക്കാരിന്റെ ഉത്തരവ് നൽകിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 ന് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം കുറവുകൾ വരുത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ആളിന് കഴിയില്ല എന്നും ഇത് സംബന്ധിച്ച് ഗുണഭോക്തൃസമ്മിതിയുടെ നിരക്ക് നിജപ്പെടുത്താൻ സി.ഇ തസ്വഭവ സർക്കലർ പുറപ്പെടുവിച്ചെങ്കിലും(ഡി.ബി.3/6512(ബി)/2013, 29.12.16) ഇത് സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറോ പുറപ്പെടുവിച്ചിട്ടില്ല എന്നറിയിച്ചു. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച മരാമത്തു പ്രവൃത്തികൾക്കു നൽകിയ വേലമൂല്യത്തിൽ 5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള ചെലവ് വർദ്ധിക്കുവാൻ കാരണമായി. ഈ വിഷയത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ആശ്രയ ഭവന നിർമാണ മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല

രോജക്റ്റ് നം - 141/17 , ആശ്രയ ഭവന നിർമ്മാണം

അടങ്കൽ - 1000000/-

എം ബുക്ക് നം - 196/16-17

ചെലവ് - 797499/-

ബിൽ നം -27/16-17, 29.03.17

കരാറുകാരൻ - അജി.ബി.എ

2016-17 മാർഗ്ഗരേഖ സ.ഉ. (എം.എസ്)4/2016/തസ്വഭവ11.01.16, ഭാഗം 2 ഖണ്ഡിക 8.(ബി), (സി) എന്നിവ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ് എന്നിവ പ്രോജക്ടിനോടൊപ്പം സൂക്ഷിക്കണമെന്നും ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം എന്നും (ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്) തുകക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടപ്പിലാക്കിയ ആശ്രയ ഭവനപദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 18 ന് 10,00,000/- രൂപ അടങ്കൽ വച്ച പ്രവൃത്തി പൂർത്തീകരിക്കാൻ പ്രസ്തുത തുക

അപര്യാപ്തമാണ് എന്നറിയിച്ചെങ്കിലും ടെണ്ടർ സേവിംഗ്സ് വരുന്ന തുക കൂടി ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാം എന്ന പഞ്ചായത്തിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും അറിയിച്ചു. പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് കമ്മിറ്റി നൽകിയ തീരുമാനം (പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയത് - 21.03.17 ലെ 1(8)ാം നമ്പർ തീരുമാനം) മിനിട്ട്സ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ല. ഈ കമ്മിറ്റി തീരുമാനം പൊതുമരാമത്ത് സെക്ഷന്റെ അഭ്യർത്ഥന പ്രകാരം ലഭ്യമാക്കിയതാണെന്നും മിനിട്ട്സിൽ ഉൾപ്പെടുത്താൻ വിട്ടുപോയി എന്നും മറുപടി നൽകി.

പ്രോജക്ട് പ്രകാരം 20 ച.മി വിസ്തീർണമുള്ള 6 യൂണിറ്റുകൾ 3 നിലകളിലായി നിർമ്മിക്കാനാണ് പ്രോജക്ട് വച്ചതെങ്കിലും ഫണ്ടിന്റെ അപര്യാപ്തതയാൽ 3 യൂണിറ്റുകൾക്കായി ഏക വർഷ പ്രോജക്ടിൽ സ്ട്രക്ച്ചർ നിർമിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ആയതിന്റെ രണ്ടാംഘട്ടം 17-18 ന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുവർഷ പ്രോജക്ടാക്കി ഫണ്ട് വകയിരുത്തി പൂർണ്ണമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിൽ പഞ്ചായത്തിനു ഈ വിഷയത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കാമായിരുന്നു. ഇപ്രകാരം ഘട്ടംഘട്ടമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന എ.ഇ യുടെ നടപടി നിലവിലെ മാർഗരേഖയ്ക്ക് വിരുദ്ധമാണ്.

പഞ്ചായത്ത് ഭരണസമിതിയുടെ സൂക്ഷ്മത കുറവാണ് ഇപ്രകാരം മാർഗരേഖ നിർദേശം പാലിക്കാതെയുള്ള പ്രോജക്ടിന്റെ രൂപീകരണവും നിർവഹണവും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ സർക്കാരിന്റെ മാർഗരേഖ പൂർണ്ണമായും പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കുറ്റിയാണി സ്കൂൾ മെയിന്റനൻസ് - സർക്കാർ മാർഗനിർദ്ദേശം പാലിച്ചിട്ടില്ല-133274/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 123/16-17

അടങ്കൽ - 150000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 50000/-

നോൺറോഡ് - 100000/-)

എം ബുക്ക് നം - 51/16-17

ബിൽ നം. - 20/16-17,83320, 29.03.2017

21/16-17,49954, 29.03.17

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കുറ്റിയാണി സ്കൂൾ മെയിന്റനൻസ് പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിച്ചത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ചോർച്ച തടയുന്നതിനു വേണ്ടി റൂഫ് ഷീറ്റ് ചെയ്ത് കെട്ടിടം സംരക്ഷിക്കുന്നതിനാണ്. അപ്രകാരം പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് 11.12 % കുറവ് കോട്ട് ചെയ്ത അജി.ബി.എ എന്ന കരാറുകാരന് 13.12.16 ൽ ചേർന്ന ജനറൽ കമ്മിറ്റിയുടെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകി. കരാറുകാരൻ 22.12.16 ന് കരാറു ചമച്ച് സൈറ്റ് ഏറ്റെടുത്തു (1/AE/LSGD/VBM/16-17, 22.12.16). എന്നാൽ 23.2.17 ലെ ജനറൽ കമ്മിറ്റി തീരുമാനം II(12) പ്രകാരം നിലവിലുള്ള കെട്ടിടം ബലക്ഷയം ഉണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രോജക്ട് മാറ്റി, വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം നൽകുന്നതിന് ഗ്രൗണ്ടിൽ, ഷീറ്റ്

മേൽക്കൂരയോട് കൂടിയ ഷെഡ് പണിയുന്നതിനായുള്ള പി.റ്റി.എ യുടെ തീരുമാനം മാനിച്ച് എസ്റ്റിമേറ്റിൽ വ്യതിയാനം വരാതെ റിവൈസ് ചെയ്യാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഇ യെ ചുമതലപ്പെടുത്തി. ആദ്യ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് പരാമർശം നടത്തിയിട്ടില്ല. കൂടാതെ ഈ വിവരം കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ജനറൽ കമ്മിറ്റി തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

1) നിലവിലെ നിയമം അനുസരിച്ച് മെയിന്റനൻസിനു വേണ്ടിയുള്ള പ്രോജക്ട് മാറ്റി പുതിയ പ്രോജക്ട് ആക്കുമ്പോൾ പുതിയ എസ്റ്റിമേറ്റും ഡി.പി.സി അംഗീകാരവും ആവശ്യമാണ്. അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് ഭേദഗതി വരുത്തി നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ ഭരണസമിതി അംഗീകരിച്ച ശേഷം ആദ്യം പ്രോജക്ട് അംഗീകരിച്ച ഉദ്യോഗസ്ഥരിൽ നിന്നുള്ള അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയും നേടിയ ശേഷമേ നടപ്പിലാക്കാവൂ (സ.ഉ (എം.സ്)/4/2016/ തസ്വഭവ/11.01.16, ഭാഗം 2 ഖ.XII(സി)). കൂടാതെ ആദ്യ പ്രോജക്ട് ഏറ്റെടുത്ത കരാറുകാരന് തന്നെ ടെണ്ടർ നടപടിക്രമം സ്വീകരിക്കാതെ പുതിയ പ്രോജക്ടിന്റെ നിർവ്വഹണം ഏൽപ്പിച്ച നടപടി നിയമപരമല്ല

2) മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഫണ്ട് പുതിയ നിർമ്മാണത്തിന് വിനിയോഗിക്കാൻ സാധ്യമല്ലാത്തതാണ് (ജി.ഒ (എം.എസ്)300/2010/lsgd/10.12.10).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് നിലവിലുണ്ടായിരുന്ന ഡൈനിംഗ് ഹാൾ പുതുക്കിപണിയുക മാത്രമാണ് ചെയ്തതെന്നും പ്രസ്തുത നിർമാണം മെയിന്റനൻസ് പ്രവൃത്തിയാണെന്നും പി.ടി.എ യുടെ ആവശ്യപ്രകാരമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. നിലവിലെ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥയുടെ നടപടിക്ക് ന്യായീകരണമില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 കന്യാകുളങ്ങര സ്കൂൾ മെയിന്റനൻസ് (റിവൈസ്ഡ് ) ഡി.പി.സി അംഗീകാരം വാങ്ങിയിട്ടില്ല – 367588/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 112/17

അടങ്കൽ – 450000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 50000/-

നോൺറോഡ് - 400000/-)

എം ബുക്ക് നം. - 176/16-17

ബിൽ നം. - 24/16-17,50000, 29.03.2017

25/16-17,317588, 29.03.17

നിർവഹണം - എ.ഇ

കന്യാകുളങ്ങര സ്കൂൾ മെയിന്റനൻസ് പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിച്ചത് യാർഡ് കോൺക്രീറ്റ് പ്രവൃത്തിക്കാണ് .പഞ്ചായത്ത് കമ്മിറ്റിയുടെ 23.02.17 സാധാരണ മീറ്റിംഗിലെ 2(13) തീരുമാനപ്രകാരം മേൽ പ്രവൃത്തി ഒഴിവാക്കി ക്ലാസ്റൂം ടൈൽ ഇടൽ പ്രോജക്ട് ഉൾപ്പെടുത്തി. അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് ഭേദഗതി വരുത്തി നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ ഭരണസമിതി അംഗീകരിച്ച ശേഷം ആദ്യം പ്രോജക്ട് അംഗീകരിച്ച ഉദ്യോഗസ്ഥരിൽ നിന്നുള്ള അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയും നേടിയ ശേഷമേ നടപ്പിലാക്കാവൂ. നിയമാനുസരണം

അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് ഘടനയിൽ വ്യത്യാസം വരുത്തി റിവൈസ്ഡ് ടി.എസ് നേടിയ പ്രോജക്ടിന് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് മെയിന്റനൻസ് എന്നതിൽ നിന്നും പ്രോജക്ട് വ്യതിചലിച്ചിട്ടില്ലാത്തതിനാൽ പുനർ ഡി.പി.സി അംഗീകാരം നേടേണ്ടതില്ല എന്നാണ് മറുപടി ലഭിച്ചത്. ഇത് അംഗീകരിക്കാവുന്നതല്ല. ശരിയായ നടപടി ക്രമം പാലിക്കാത്തതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-5 നീന്തൽ പരിശീലനം ( മാർഗ്ഗദീപം)- മാർഗരേഖയ്ക്ക് വിരുദ്ധം

പ്രോജക്ട് ന. -71/16-17

പേര് - നീന്തൽ പരിശീലനം ( മാർഗ്ഗദീപം)

അടങ്കൽ - വികസനഫണ്ട് (226851/-)

ചെലവ് - 110000/-

ബിൽ നം. - 5/16-17/3.03.17- 50000/-

9/16-17/ 25.03.17 – 60000/-

നിർവഹണം - ഹെഡ്മിസ്ട്രസ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മൂന്നാം തരത്തിലും നാലാം തരത്തിലും പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. 20 ദിവസത്തെ പരിശീലനത്തിനു വേണ്ടി ഗ്രാമപഞ്ചായത്തിലെ നാല് എൽ.പി സ്കൂളുകളിലെ 80 കുട്ടികൾ രജിസ്റ്റർ ചെയ്തു. ഇവർക്കാവശ്യമായ യൂണിഫോം, യാത്രാ ചെലവ്, ഭക്ഷണചെലവ്, പരിശീലകനുള്ള ചെലവ്, എന്നിവയ്ക്ക് വേണ്ടി വികസനഫണ്ട് (226851/-) വകയിരുത്തി ചുവടെ ചേർക്കും പ്രകാരം ചെലവഴിച്ചു.

യൂണിഫോം - 21906/-

യാത്ര ചെലവ് - 47684/-

ഭക്ഷണം - 20410/-

പരിശീലനം - 20000/- (കേരള സ്പോർട്സ് കൗൺസിലിന്റെ രസീത് നം.

14486/ 14.05.17,12000/-, 13347/24.03.17, 8000/-)

ആകെ - 110000/-

മേൽ ചെലവുകളിൽ മാർഗരേഖ സ.ഉ (എം.എസ്)നം 4/2016/ ത.സ്വ.ഭ.വ /11.01.2017 അനുബന്ധം 15,3.9.1 പ്രകാരം യൂണിഫോം വാങ്ങി നൽകാൻ വ്യവസ്ഥയില്ല. കൂടാതെ പ്രസ്തുത യൂണിഫോം സിന്ധു ബേക്കേഴ്സ് & സ്റ്റേഷനറി, കൊപ്പം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. നിയമാനുസൃത നടപടിക്രമങ്ങൾ ഈ വിഷയത്തിൽ പാലിച്ചിട്ടില്ല. യാത്ര ചെലവ് കന്യാകുളങ്ങര, കൊപ്പം എന്നീ എൽ.പി സ്കൂളുകളുടെ വാഹനം ഉപയോഗിച്ചതിന് സ്കൂൾ പി.ടി.എ ക്ക് നൽകിയതിന്റെയും, ഭക്ഷണചെലവ് മോഹൻ കുമാര്, പത്മം, കൊപ്പം എന്നയാൾക്ക് നൽകിയതിന്റെയും കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ ഭാഗം 4 ഖ.11.10 ൽ സൂചിപ്പിച്ച വിഭാഗങ്ങൾക്കു മാത്രമേ ഭക്ഷണ വിതരണ പരിപാടികൾ ഗ്രാമപഞ്ചയത്ത് ഏറ്റെടുക്കാവൂ

എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദേശവും പാലിച്ചിട്ടില്ല. നിർവഹണ ഉദ്യാഗസ്ഥ തയ്യാറാക്കി അംഗീകാരം നേടിയ പ്രോജക്ടിൽ ധനകാര്യവിശകലനം, പ്രോജക്ടിന്റെ നടത്തിപ്പ്, മോണിറ്ററിംഗിന്റെ ഘടകങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് നീന്തലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റി ഇത് മോണിറ്റർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചെങ്കിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിർവഹണ ഉദ്യാഗസ്ഥ ലഭ്യമാക്കിയിട്ടില്ല. മാർഗരേഖയ്ക്ക് അനുസൃതമല്ലാത്ത ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണം നടത്തുന്നത് നിരുൽസാഹപ്പെടുത്തുന്നു.

## 3-6 പഠനവീട് - മാർഗരേഖയ്ക്കു വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നം. - 139/16-17(പഠനവീട് )

അടങ്കൽ - 175000 (തനത് ഫണ്ട്)

നിർവഹണ ഉദ്യോഗസ്ഥൻ -ഹെഡ്മിസ്ട്രസ്

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന 2 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അധിക പഠന സമയം നൽകാനാണ് പ്രോജക്ട് രൂപീകരിച്ചത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 4 LP സ്കൂളിലെ കുട്ടികളാണ് ഗുണഭോക്താക്കൾ, കുട്ടികളുടെ പഠന നിലവാരം ഉയർത്തുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. സ്കൂൾ സമയത്തിന് മുമ്പും ശേഷവും കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള വേതനം നൽകുക രാവിലെയും വൈകിട്ടും ലഘു ഭക്ഷണം വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങളാണ് പ്രോജക്ട് പ്രകാരം നടത്തിയിട്ടുള്ളത്. 4 സ്കൂളിൽ പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് പ്രതിമാസം 1500/- രൂപ നിരക്കിൽ 10 മാസത്തേക്ക് 60000/-രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക (115000/-) ലഘു ഭക്ഷണം വിതരണം ചെയ്യാനാണ് വിനിയോഗിച്ചത്.

ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അധ്യാപകർ, വിദ്യാ സമ്പന്നരായ യുവതിയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കോച്ചിംഗ് നൽകാവുന്നതാണ് എന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിന് വിരുദ്ധമായി അധ്യാപകർക്ക് വേതനം നൽകിയിട്ടുണ്ട് മാത്രമല്ല 2 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ സ്കൂൾ സമയത്തിന് മുമ്പും ശേഷവും പഠിപ്പിക്കുന്നത് ഗുണത്തിലേറെ കുട്ടികൾക്ക് മാനസിക പിരിമുറുക്കത്തിന് കാരണമാകും. കുട്ടികൾക്ക് സന്നദ്ധ സംഘടന പ്രഭാത ഭക്ഷണവും വിദ്യാഭ്യാസ വകുപ്പ് ഉച്ചയ്ക്കുള്ള ഭക്ഷണവും നൽകുന്ന സാഹചര്യത്തിൽ രാവിലെയും വൈകുന്നേരവും ലഘു ഭക്ഷണം നൽകേണ്ട ആവശ്യമില്ലായിരുന്നു. റോയൽ ബേക്കേഴ്സ്, കൃഷ്ണ ബേക്കേഴ്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് ലഘു ഭക്ഷണം വാങ്ങിയിട്ടുള്ളത് ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. മേൽ പ്രവൃത്തിയുടെ മോണിറ്ററിങ് നടത്തിയതായി രേഖകളില്ല. PTA നിലവിലുള്ള പ്രസ്തുത സ്കൂളുകളിൽ ഇത്തരം അധിക പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാതെ പ്രാദേശിക വിഭവ സമാഹരണത്തിലൂടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാവിയിൽ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകികൊണ്ട് മാർഗരേഖയ്ക്കു അനുസൃതമായി കുട്ടികൾക്ക് ഉപകാരപ്രദമായ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥയും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിദ്യാഭ്യാസം പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ അപാകം

2016-17 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ, കായിക മേഖലയിൽ ഗ്രാമപഞ്ചായത്ത് 2104851/- രൂപ അടങ്കൽ തുകയുള്ള വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്(1559851/- രൂപ പ്ലാൻ ഫണ്ടും 545000/- രൂപ തനത് ഫണ്ടും) . പ്രസ്തുത പ്രോജക്ടുകൾക്ക് വേണ്ടി 1839369/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | സർവശിക്ഷ അഭിയാൻ (പ്ലാൻ ഫണ്ട്) | 700000 | 700000 |
| 2 | ടീച്ചേഴ്സ് ബാങ്ക് (പ്ലാൻ ഫണ്ട്) | 500000 | 500000 |
| 3 | ടീച്ചേഴ്സ് ബാങ്ക് അരിയർ (പ്ലാൻ ഫണ്ട്) | 55000 | 55000 |
| 4 | പ്രവേശനോത്സവം (തനത് ഫണ്ട്) | 150000 | 140625 |
| 5 | നീന്തൽ പരിശീലനം (മാർഗദീപം) (പ്ലാൻ ഫണ്ട്) | 226851 | 110000 |
| 6 | പ്രീ-പ്രൈമറികലാമേള (തനത് ഫണ്ട്) | 25000 | 25000 |
| 7 | തുല്യത പരീക്ഷ (പ്ലാൻ ഫണ്ട്) | 78000 | 41600 |
| 8 | പ്രീ-പ്രൈമറി എക്സ്ട്രാ റെമ്യൂണറേഷൻ (തനത് ഫണ്ട്) | 120000 | 70000 |

| | | | |
|---|---|---|---|
| 9 | പഠനവീട്<br>(തനത് ഫണ്ട്) | 175000 | 175000 |
| 10 | പഠന സൗഹൃദക്കൂട്ടം<br>(തനത് ഫണ്ട്) | 75000 | 22139 |
| ആകെ | | 2104851 | 1839364 |

പ്രോജക്ട് രൂപീകരണ ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെയാണ് പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. (പ്രോജക്ടിന്റെ ലക്ഷ്യം, നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, പരിശീലനം സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് സംബന്ധിച്ച അധിക വിവരങ്ങൾ മോണിറ്ററിംഗ് നടത്തേണ്ട ഘടകങ്ങൾ, വിധേയമാക്കേണ്ട ഘടകങ്ങൾ, എന്നിവ ഉൾപ്പെടുത്തിയിട്ടില്ല).

മതിയായ പഠനം നടത്താതെയും രേഖപ്പെടുത്തലുകൾ വരുത്താതെയും മാർഗരേഖ നിർദേശങ്ങൾ പാലിക്കാതെയും നിർവഹണോദ്യോഗസ്ഥ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ സൂക്ഷപരിശോധന നടത്താതെയുമാണ് എ.ഇ.ഒ. പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയത്. പദ്ധതി മാർഗരേഖ 11.6(i)(iv)(vi) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് മുൻഗണന നൽകണമെന്നും ഹോണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കുവാൻ തയ്യാറുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്ധ്യാർഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണെന്നും സ്കൂൾ ഉച്ചഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്നതാകയാൽ അതു ബന്ധപ്പെട്ട് സർക്കാർ സ്കൂളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖ നിർദേശം പാലിക്കാതെയും വേണ്ടത്ര രേഖപ്പെടുത്തലുകൾ നടത്താതെയും പ്രോജക്ട് തയ്യാറാക്കി നിർവഹണം നടത്തിയ നടപടിക്ക് ന്യായീകരണമില്ല. ഈ വിഷയത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വേണ്ടത്ര ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ കുറ്റമറ്റ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പൂർണ്ണമായ മേൽനോട്ടം ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 3-8 ഘടകസ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ - അധികമായി പിൻവലിച്ച 45600/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം : SOO18/17

പേര് :ഘടകസ്ഥാപനങ്ങൾക്ക് കസേര വാങ്ങൽ

അടങ്കൽ :50000/-(വികസന ഫണ്ട്)

ചെലവ് : 44300/-

ബിൽ നം. : PRJ/10/2017, 15.03.17, 44300/-

: PRJ

നിർവഹണ ഉദ്യാഗസ്ഥൻ : സെക്രട്ടറി

റേറ്റ് കോൺട്രാക്കുള്ള സ്ഥാപനങ്ങളിൽ 500/- രൂപ വിലയുള്ള 100 കസേരകൾ 50,000/- രൂപയ്ക്ക് വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

a) ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്ടിനായി 44300/- രൂപയാണ് ചെലവായിട്ടുള്ളത്. എന്നാൽ ബിൽ ബുക്കിൽ 15.03.2017, 22.03.2017 എന്നീ തീയതികളിലായി 44300/- രൂപ വീതം ആകെ 88600/- രൂപ പിൻവലിച്ചിട്ടുണ്ട്. ഈ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 ന് മറുപടി ലഭ്യമാക്കിയിയിട്ടില്ല. അധികമായി പിൻവലിച്ച 44300/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

b) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ റേറ്റ് കോൺട്രാക്കുള്ള സിഡ്കോയിൽ നിന്ന് ഇൻവോയിസ് വാങ്ങി നടപടികൾ തുടങ്ങാവുന്നതാണെന്നും പ്രൊക്യുർമെന്റ് കമ്മിറ്റി കൂടി തീരുമാനം എടുത്ത ശേഷം അനന്തരനടപടി സ്വീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊക്യുർമെന്റ് കമ്മിറ്റി യോഗം കൂടിയതിന്റെയും തീരുമാനമെടുത്തതിന്റെയും വിശദാംശം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ പറഞ്ഞതിന് വിരുദ്ധമായി ക്വട്ടേഷൻ മുഖേന ശബരി സ്റ്റീൽ ഫർണിച്ചറിൽ നിന്നും ഇൻവോയ്സ് നമ്പർ 65/21.02.17 പ്രകാരം നിൽകമൽ പ്ലാസ്റ്റിക് ആം ചെയർ (മോഡൽ 2160) 100 എണ്ണം 44300/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. കൈപ്പറ്റ് രസീത് നമ്പർ 19/29.03.2017 പ്രകാരം 43000/- രൂപ മാത്രമാണ് ശബരി സ്റ്റീൽ ഫർണിച്ചർ കൈപ്പറ്റിയിട്ടുള്ളത്. അധികമായി പിൻവലിച്ചിട്ടുള്ള 1300/- രൂപയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, കസേരകൾ സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ രേഖകൾ, ക്യാഷ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ആകെ 88600/- പിൻവലിച്ചതിൽ 43000/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ബാക്കി 45600/- രൂപയുടെ വിശദാംശം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു. പ്രസ്തുത തുക ടിയാനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ -അപാകതകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം : SO175/17

പേര് :ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ

അടങ്കൽ :850000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 747570/-

ബിൽ നം : PRJ/20/2017, 304570/-, 24.03.17

PRJ/11/2017, 443000/-, 15.03.17

നിർവഹണ ഉദ്യാഗസ്ഥൻ : സെക്രട്ടറി

പത്രപരസ്യം നൽകി ടെണ്ടർ മുഖേനയാണ് 'ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ ' എന്ന പദ്ധതി നടപ്പിലാക്കിയത്. ഇതിൽ ദാസ് ഫർണിച്ചർ എന്ന സ്ഥാപനത്തിന് 70 ജോഡി ബഞ്ച്, ഡസ്ക്ക് ഇൻവോയിസ് നം 11,23.03.17 പ്രകാരം ലഭ്യമാക്കിയതിന് 304570/- രൂപയും ശബരി സ്റ്റീൽ ഫർണീച്ചർ എന്ന സ്ഥാപനത്തിന് 1000 നീൽകമൽ പ്ലാസ്റ്റിക്ക് കസേരകൾ ലഭ്യമാക്കിയതിന് 443000/- രൂപയും(കൈപ്പറ്റ് രസീത് നം 18, 29.03.17) നൽകിയിട്ടുണ്ട്.

ഈ പ്രോജക്ക് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

a) 70 ജോഡി ബഞ്ച് ഡസ്കിനായി ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ റേറ്റായ 296800/- രൂപ ക്വാട്ട് ചെയ്ത ഷിനോദ് മുഹമ്മദ് ഫാമി, ഷിഫാ കോട്ടേജ് , ആശ്രമം, കൊല്ലം എന്നയാളുടെ ടെണ്ടർ സ്വീകരികാതെ 304500/- രൂപ കോട്ട് ചെയ്ത ദാസ് ഫർണിച്ചറിന്റെ ടെണ്ടറാണ് അംഗീകരിച്ചിരിക്കുന്നത്.

b) 1000 കസേരകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

ഈ വിവരം കാണിച്ച് നൽകിയ എൻക്വയറി നം 34 ന് മറുപടി ലഭ്യമായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവ് തുക747570/- രൂപ തടസ്സപ്പെടുത്തുന്നു. തടസ്സവാദം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ (ഖ :13- XI എ, ഡി, സി-362/13 ത.സ്വ.ഭ.വ. 16.11.2013) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവഹണ ത്തിനായി മുൻകൂർ തുക നൽകാൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മുൻകൂറുകൾ അതാത് സ്ഥാപനങ്ങൾ (ജല അതോറിറ്റി, കെ.എസ്.ഇ.ബി.) നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതും അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണെന്നും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ജല അതോറിറ്റി, കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കിയപ്പോൾ മേൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം , പേര് | അടങ്കൽ തുക | ബിൽ നം. തുക | ഇനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | SOO2/17, ഐ.കെ.എം തുക നൽകൽ | 100000 (വികസന ഫണ്ട്) | PRJ/03/17, 28,02.17 100000 | ഐ.കെ.എംന് തുക നൽകിയത് | കൈപ്പറ്റ് രസീതില്ല. |
| 2 | SO197/17, പൊതുടാപ്പുകൾ സ്ഥാപിക്കലും പൈപ്പ് ലൈൻ എസ്റ്റൻഷനും | 525000 (ധനകാര്യ കമ്മീഷൻ അവാർഡ്) | PRJ/30/2017, 30.03.17 525000 | കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് K.W.A. അരുവിക്കര സെക്ഷനിൽ തുക ഡെപ്പോ സിറ്റ് ചെയ്തു. | യു.സി ഇല്ല , കരാറിൽ യാതൊന്നും രേഖപ്പെട്ട ത്തിയിട്ടില്ല |
| 3 | SO196/17, സമ്പൂർണ്ണ വൈദ്യുതീ കരണം | 500000 (വികസന ഫണ്ട്) | PRJ/22/2017, 24.03.17 500000 | കെഎസ് ഇബി യിൽ ഡെപ്പോ സിറ്റ് ചെയ്തത്. | കൈപ്പറ്റ് രസീത്, യു.സി എന്നിവയില്ല |

| | | | | | |
|---|---|---|---|---|---|
| 4 | SO57/2017, അംഗൻവാടി കൾക്ക് പൈപ്പ് ലൈൻ | 200000 (ധനകാര്യ കമ്മീഷൻ അവാർഡ്) | PRJ/07/2017, 06.03.17 42000 | കുടിവെള്ള പദ്ധതി നടപ്പി ലാക്കുന്നതിന് K.W.A.അരുവിക്കര സെക്ഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തു. | യു.സി ഇല്ല , കരാറിൽ യാതൊന്നും രേഖപ്പെടു ത്തിയിട്ടില്ല |
| 5 | SOO14/17, ഹോമിയോ ആശുപത്രിക്ക് കുടിവെള്ളം | 46000 (ധനകാര്യ കമ്മീഷൻ അവാർഡ്) | PRJ/32/2017, 31.03.17 46000 | കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് K.W.A. അരുവിക്കര സെക്ഷനിൽ തുക ഡെപ്പോ സിറ്റ് ചെയ്തു. | യു.സി ഇല്ല , കരാറിൽ യാതൊന്നും രേഖപ്പെടു ത്തിയിട്ടില്ല |
| 6 | SO135/17, തെരുവ് വിളക്ക് മെയിന്റനൻസിനുവേണ്ടി ഉപകരണം വാങ്ങൽ | 236350 (ധനകാര്യ കമ്മീഷൻ അവാർഡ് | PRJ/23/2017, 29.03.17 203680 | | CFLcrompton 20w250 എണ്ണംസ്റ്റോക്കി ലെടുത്തി ട്ടുണ്ടെങ്കിലും ഒന്നുപോലും വിതരണം ചെയ്തതായി കാണുന്നില്ല. |
| 7 | SOO15/17, പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ് | 1000000 (ധനകാര്യ കമ്മീഷൻ അവാർഡ് | PRJ/28/2017, 30.03.17 1000000/- | ഓഫീസ് ഫർണിഷിംഗ്, ക്യാബിൻ തിരിക്കൽ എന്നിവയ്ക്കായി റബ്കോയ്ക്ക് നൽകിയത് | കൈപ്പറ്റ് രസീത് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാ ക്കിയിട്ടില്ല. |
| 8 | S0012/17 കുടിവെള്ള പദ്ധതി എസ്.റ്റി.പി. | 4,65,000/- (വികസനഫണ്ട്, റ്റി.എസ്.പി) | PRJ/04/17/ 10.02.17, 4,65,000/- | കുടിവെള്ള പദ്ധതി നടപ്പിലാ ക്കുന്നതിന് K.W.A. അരുവിക്കര സെക്ഷനിൽ തുക ഡെപ്പോ സിറ്റ് ചെയ്തു. | K.W.Aയുമായി കരാറിൽ ഏർപ്പെട്ടി ട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം പരിശോധ നയ്ക്കായി ഹാജരാക്കി യിട്ടില്ല. |
| 9 | SOO11/17 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 3,50,000/- (വികസനഫണ്ട്, ജനറൽ) | PRJ/12 /2017/17.03.17 PRJ/13 /2017/17.03.17 | പോസ്റ്റ് മാറ്റി സ്ഥാപിക്കു ന്നതിനായി കന്യാകുളങ്ങര (204331/-രൂപ), | K.S.E.Bയുമായി കരാറിൽ ഏർപ്പെട്ടി ട്ടില്ല.വിനി യോഗസാക്ഷ്യ പത്രം, |

| | | | | | |
|---|---|---|---|---|---|
| | | | PRJ/14 /2017/22.03.17<br>PRJ/13 /2017/22.03.17<br>3,48,484/- | വട്ടപ്പാറ(82034/-രൂപ), പോത്തൻകോട് (48643/-രൂപ,13476 /-രൂപ) ഇലക്ട്രിക്കൽ സെക്ഷനിൽ തുക ഡെപ്പോ സിറ്റ് ചെയ്തു. | കൈപ്പറ്റ് രസീത് എന്നിവ പരിശോധ നയ്ക്കായി ഹാജരാക്കി യിട്ടില്ല. |
| 10 | SOOO9/17<br>വനിതാ ക്യാന്റീൻ വൈദ്യുതീകരണം | 20000/-<br>(വികസനഫണ്ട് , ജനറൽ) | PRJ/11/17/ 15.03.17<br>PRJ/19/17/ 27.03.17<br>17390/- | വനിതാ ക്യാന്റീൻ വൈദ്യുതീകര ണത്തിനായി തുക K.S.E.B.<br>കന്യാകുള ങ്ങരയിൽ ഡെപ്പോ സിറ്റ് ചെയ്തു. | K.S.E.Bയുമായി കരാറിൽ ഏർപ്പെട്ടി ട്ടില്ല.<br>വിനിയോഗസാക്ഷ്യ പത്രം, കൈപ്പറ്റ് രസീത് എന്നിവ പരിശോധന യ്ക്കായിഹാജരാ ക്കിയിട്ടില്ല. |
| 11 | SOO13/17<br>കുടിവെള്ളം (എസ്.സി) | 334999/-<br>(വികസനഫണ്ട്) | PRJ/01/17/ 10.02.17<br>334999/- | വാട്ടർ അതോറി റ്റിയിൽ ഡെപ്പോ സിറ്റ് ചെയ്തു. | യു.സി ഇല്ല.കരാറിൽ യാതൊന്നും രേഖപ്പെടു ത്തിയിട്ടില്ല |

ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 3-11 വി.ഇ.ഒ ചെലവ് രേഖകൾ യഥാസമയം ഹാജരാക്കിയില്ല- 9761700/- രൂപ തടസ്സത്തിൽ ചെയ്യുന്നു.

2016-17 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ 9 പ്രോജക്ടുകളുടെ ചെലവ് രേഖകൾ (ഫയൽ, വൗച്ചർ, ബിൽ ബുക്ക്, ഗുണഭോക്താക്കളുടെ ലിസ്റ്റ്, കൈപ്പറ്റ് രജിസ്റ്റർ, പാസ്ബുക്ക്, ക്യാഷ് ബുക്ക്) ഹാജരാക്കുന്നതിന് ഓഡിറ്റ് ആരംഭിച്ച 10.08.2017 ന് നേരിട്ടും 11.08.2017 ന് കേരള ലോക്കൽ ഫണ്ട് ആക്ട് സെക്ഷൻ 11 (ബി) പ്രകാരം ഫോം നം II ൽ ഓഡിറ്റ് റിക്വസിഷൻ നൽകുകയും 14.08.1017, 12.00 മണിക്കകം ഓഡിറ്റ് ക്യാമ്പിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ പറയുന്ന 9 പ്രോജക്ടുകളുടെ ചെലവ് തുകയായ 9761700/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | 1/16-17 | കക്കൂസ് നിർമ്മാണം | വികസനഫണ്ട് (പൊതുവിഭാഗം) | 2310000 | 2310000 |
| 2 | 34/16-17 | വീട് പുനരുദ്ധാരണം | വികസനഫണ്ട് (പൊതുവിഭാഗം) - | 4250000 | 4150000 |

| | | | | | |
|---|---|---|---|---|---|
| | | | 2150000<br>തനത് ഫണ്ട്-2100000 | | (വികസനഫണ്ട് പൊതുവിഭാഗം) 2150000<br>തനത് ഫണ്ട്-2000000) |
| 3 | 35/16-17 | ഐ.എ.വൈ ഭവന പദ്ധതി ജനറൽ | വികസനഫണ്ട് (പൊതുവിഭാഗം) | 227500 | 227500 |
| 4 | 36/16-17 | ഐ.എ.വൈ ഭവന പദ്ധതി എസ്.സി.പി | വികസനഫണ്ട് (എസ്.സി.പി) | 810000 | 810000 |
| 5 | 37/16-17 | കിണർ നിർമ്മാണം | ധനകാര്യകമ്മീഷൻ അവാർഡ് | 945000 | 945000 |
| 6 | 38/16-17 | കിണർ മെയിന്റനൻസ് | ധനകാര്യകമ്മീഷൻ അവാർഡ് | 210000 | 200000 |
| 7 | 152/16-17 | ഒ.ഡി.എഫ് പ്രോഗ്രാം | ധനകാര്യകമ്മീഷൻ അവാർഡ് | 739200 | 739200 |
| 8 | 164/16-17 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം തയ്യൽ പരിശീലനം | ധനകാര്യകമ്മീഷൻ അവാർഡ് | 150000 | 150000 |
| 9 | 192/16-17 | ഐ.എ.വൈ അധിക ധനസഹായം | വികസനഫണ്ട് (എസ്.സി.പി) | 230000 | 230000 |
| ആകെ | | | | 9861700 | 9761700 |

ബന്ധപ്പെട്ട് പ്രോജക്ട് ഫയലുകൾ, രേഖകൾ, രജിസ്റ്ററുകൾ മുതലായവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-12** <u>ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല</u>

*1) നം : SOO82/17*

പേര് :ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 300000/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ബിൽ നം,തീയതി : 1/GHDV/LSG/16-17, 9.01.17

തുക : 300000/-

ഈ പ്രോജക്ട് പ്രകാരം 300000/- രൂപ ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

(കൈപ്പറ്റ് രസീപ്റ്റ് നം 3018, 16/05/17). പ്രസ്തുത സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.LF 157 / 17-18,5.06.2017 പ്രകാരം 121400/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,78,600/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

2) നം : SO178/17

പേര് : വയോജന ആരോഗ്യ പരിപാലനം

അടങ്കൽ : 600000/- (വികസന ഫണ്ട്)

ബിൽ നം , തീയതി : 2/GHDV/LSG/16-17, 9.01.17

ഈ പ്രോജക്ട് പ്രകാരം 600000/- രൂപ ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

(കൈപ്പറ്റ് രസീപ്റ്റ് നം 2404, 16/01/17) . പ്രസ്തുത സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.LF /161 / 17-18, 6.06.2017 പ്രകാരം 280430/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 3,19,570/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന വിവരം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 13/11.8.17 ലൂടെ ആവശ്യപ്പെട്ടതിന് മറുപടിയായി ശേഷിച്ച തുകയ്ക്കുള്ള മരുന്നുകൾ ഉടൻ ഹോംകോയിൽ നിന്നും ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കാൻ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-13 ആയുർവേദം, അലോപ്പതി മരുന്നുകൾ ലഭിച്ചിട്ടില്ല.

ആയുർവേദം, അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചുവെങ്കിലും നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

1.മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽതുക/ ചെലവ് തുക/ ഫണ്ടിനം | ബിൽ നം. / തീയതി | തുക നൽകിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | SO172/17 പാലിയേറ്റിവ് കെയർ സെക്കൻഡറി പ്രോഗ്രാം | 100000/- 100000/- (വികസനഫണ്ട് ജനറൽ) | C.B.No15/ 27.3.17 | ബിൽ പ്രകാരം പിൻവലിച്ച തുക ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 2 | SO198/17 വയോജന ആരോഗ്യ പരിപാലനം | 160000/- 160000/- (വികസനഫണ്ട് ജനറൽ) | C.B.No16/16-17/ 30.03.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് വാങ്ങുന്നതിന് ഇൻഹൗസ് ഡ്രഗ് ഹൗസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. | ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടി ഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 53262/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 3 | SOO39/17 പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ | 150000/- 150000/- | C.B.No4/16-17/ 21.01.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് | ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈ |

| | | | | | |
|---|---|---|---|---|---|
| | | (മെയിന്റനൻസ് റോഡിതരം) | | വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് | ലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി യിട്ടില്ല.<br>3901/-രൂപ യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 4 | SO179/17<br>(വയോജനങ്ങളുടെ ആരോഗ്യപരിപാലനം ജീവിതശൈലി രോഗ പ്രതിരോധം) | 539411/-<br>539411/-<br>(വി.ഫ.ജനറൽ) | C.B.No03/16-17 /25.11.16<br>C.B.No07/16-17 /30.03.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് | ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈ ലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി യിട്ടില്ല.<br>226314/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 5 | SOO40/17<br>(പാലിയേറ്റിവ് കെയർ) | 600000/-<br>500000/- | C.B.No.01/16-17 /28.11.17<br>C.B.No.2/16-17/25.11.16<br>C.B.No.08/16-1730.01.17<br>C.B.No.10/16-17 /30.01.17<br>C.B.No.11/16 /17/04.03.17<br>C.B.No.13/16-17 /27.03.17 | ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 2,78,300/-രൂപ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് | ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>24882/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |

2.മെഡിക്കൽ ഓഫീസർ ആയുർവേദം

| ക്രമ നം. | പ്രോജക്റ്റ് നം/പേര് | അടങ്കൽതുക/ചെലവ് തുക/ഫണ്ടിനം | ബിൽ നം./ തീയതി | തുക നൽകിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | SO46/17<br>പ്രമേഹരോഗ ചികിത്സ | 250000/-<br>250000/-<br>(വികസനഫണ്ട് ജനറൽ) | 2/11.01.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് നൽകിയിട്ടുണ്ട്. | 1.27,938/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 2 | SOO45/17<br>സന്ധിവാതരോഗ ചികിത്സ | 250000/-<br>250000/-<br>(വികസനഫണ്ട് ജനറൽ) | 3/11.01.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് നൽകിയിട്ടുണ്ട്. | 1,92,211/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 3 | SOO39/17<br>ആയുർവേദം ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 350000/-<br>350000/-<br>(വികസനഫണ്ട് ജനറൽ) | 1/11.01.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് നൽകിയിട്ടുണ്ട്. | 202301/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |

മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 തനത് ഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ച തുകകൾ യഥാസമയം ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. (ബാലൻസ് ഷീറ്റ്, ബി-4 ഷെഡ്യൂൾ) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | ഐ.സി.ഡി.എസ് (കേന്ദ്ര വിഹിതം | 571032 |
| 2. | ആനിമൽ ഹസ്ബെൻഡറി | 4000000* |
| 3. | ശുചിത്വമിഷൻ ഗ്രാന്റ് | 1782000 |
| 4. | വിമുക്തി ഫണ്ട് | 25000 |
| 5. | ഗുണഭോക്തൃ വിഹിതം | 2001 |
| 6. | മറ്റ് ഗ്രാന്റുകൾ | 135150 |

*A.B.C.പ്രോഗ്രാമിന്റെ ഭാഗമായി ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെ പുതിയ കെട്ടിടം പണിയുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭിച്ച തുകയാണ്.നാളിതുവരെയും ചെലവഴിച്ചിട്ടില്ല. BPL ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ലഭിച്ച 135150/- രൂപ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല. 901 BPLW ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ് (ചെക്ക് നം 21734/19.03.15) BPL ഗുണഭോക്താക്കൾക്ക് നിലവിലുള്ള ലിസ്റ്റിൽ ബാങ്ക് അക്കൗണ്ട് നമ്പറും IFSC കോഡും ഉൾപ്പെടയുള്ള പൂർണ വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല എന്നും അക്ഷയ സെന്റർ മുഖേന ബാങ്ക് അക്കൗണ്ട് വിവരം ലഭ്യമാക്കുന്നതിന് നിരന്തരം ആവശ്യപ്പെട്ടിട്ടും ആയത് ലഭിക്കാത്തതിനാലാണ് തുക ചെലവഴിക്കാൻ കഴിയാതെ പോയതെന്നും ഓഡിറ്റ് എൻക്വയറി (നം. 27) യുടെ മറുപടിയി വ്യക്തമാക്കിയിട്ടുണ്ട് . പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് . വിവിധ സ്ഥാപനങ്ങളിൽനിന്നും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ലഭിക്കുന്ന തുകകൾ അതേ ആവശ്യത്തിനായി സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വേണ്ടുന്ന നടപടി അടിയന്തിരമായി

സ്വീകരിച്ച് തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 ന്യൂട്രിമിക്സ് ഗുണനിലവാരം പരിശോധനാവിധേയമാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖ(iii) പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## 3-16 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ അംഗൻവാടി പ്രവൃത്തിക്കുന്നു

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-ലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 35 അങ്കണവാടികളിൽ നം. 9 (മുറമേൽ), 15 (വഴയ്ക്കാട്), 19 (ഇടുക്കുംതല), 27(നരിക്കൽ) എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടിയായി എ.ഇ അറിയിച്ചു. മേൽ അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതവയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം-അവലോകനം

a) സേവന സിവിൽ രജിസ്ട്രേഷൻ

സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ എന്നീ സോഫ്റ്റ് വെയറുകൾ ഗ്രാമപഞ്ചായത്തിന്റെ സർവ്വറിൽ തന്നെ ഡാറ്റബേസ് ഇൻസ്റ്റോൾ ചെയ്ത് പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറുകളാണ്. ഈ രണ്ട്

സോഫ്റ്റ് വെയറുകളും IIS സർവ്വറിൽ ഇൻസ്റ്റോൾ ചെയ്ത് പ്രവർത്തിപ്പിക്കാൻ എ.കെ.എമ്മിന് കഴിഞ്ഞിട്ടില്ല. ഓൺലൈനായി cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ജനന,മരണ,വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കററുകൾ ഡൗൺലോഡ് ചെയ്യുന്ന സൗകര്യം ലഭ്യമാണ്. എന്നാൽ ഡൗൺലോഡ് ചെയ്യുന്ന സർട്ടിഫിക്കററുകൾ എത്രയെണ്ണം, ഏതൊക്കെ എന്നതിനെ സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് അറിയുവാൻ സാധിക്കുന്നില്ല. കോർട്ട് പർപ്പസിനുവേണ്ടി മാര്യേജ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മാര്യേജ് റെക്കോർഡ്സ് നൽകുന്നത് കൂടാതെ മാര്യേജ് സർട്ടിഫിക്കറ്റ് നൽകമമെങ്കിൽ ഫീസ് ഈടാക്കാതെ സർട്ടിഫിക്കറ്റ് നൽകുവാനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഇല്ല.

b)സേവന പെൻഷൻ

നിലവിൽ പെൻഷൻ വാങ്ങിവരുന്ന ഒരാൾ മുൻ കാലയളവുകളിൽ സസ്പെൻഷൻ ആയിരുന്നെങ്കിൽ എന്തുകൊണ്ട് സസ്പെൻഡ് ചെയ്തു എന്നതിന്റെ കാരണം സോഫ്റ്റ് വെയറിൽ അറിയാൻ സാധ്യമല്ല. സേവന പെൻഷൻ കൂടാതെ പെൻഷൻ നടപടികൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ലോഗിനുകളാണ് പെൻഷൻ ഡിസബിലിറ്റി ഡാറ്റ എൻട്രി, പെൻഷൻ ഡിജിറ്റൽ സൈൻ, പെൻഷൻ പോർട്ടിംഗ്, പെൻഷൻ അഫിഡവിറ്റ് ഡാറ്റ എൻട്രി ഈ നടപടിക്രമങ്ങൾ എല്ലാം സേവന പെൻഷൻ സോഫ്റ്റ് വെയറിലെ ഒറ്റ ലോഗിനുള്ളിൽ തന്നെ ലഭിക്കുമെങ്കിൽ കൂടുതൽ ഗുണകരമാകും. 75 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളി പെൻഷൻ ഗുണഭോക്താവ് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ ഒഴിവാക്കിയിട്ട് വാർദ്ധക്യ പെൻഷൻ നൽകണമെന്ന് അപേക്ഷ നൽകുമ്പോൾ കർഷകത്തൊഴിലാളി പെൻഷനിൽ നിന്നും ഗുണഭോക്താവിനെ സസ്പെൻഡ് ചെയ്തതിന് ശേഷം പുതിയതായി അപേക്ഷകന്റെ പൂർണ്ണ വിവരവും ഡാറ്റ എൻട്രി വരുത്തി വാർദ്ധക്യ പെൻഷനിൽ ഗുണഭോക്താവിനെ ഉൾപ്പെടുത്താനുള്ള നിർവാഹമാണ് സോഫ്റ്റ് വെയറിൽ ഉള്ളത് . ഇത് ഒഴിവാക്കി കർഷകത്തൊഴിലാളി പെൻഷനിൽ നിന്നും വാർദ്ധക്യ പെൻഷനിലേക്ക് മാറ്റുമ്പോൾ ആവശ്യമായി വരുന്ന അധിക വിവരങ്ങൾ മാത്രം എൻട്രി വരുത്തിയ ശേഷം നേരിട്ട് വാർദ്ധക്യ പെൻഷനിലേക്ക് മാറ്റുവാൻ കഴിയുന്ന ഓപ്ഷൻ ലഭിക്കുമെങ്കിൽ കൂടുതൽ സൗകര്യപ്രദമാകും.

c) സാംഖ്യ

സാംഖ്യ സഞ്ചയ എന്നീ സോഫ്റ്റ് വെയറുകൾ ഇൻറഗ്രേറ്റ് ചെയ്തിട്ടും സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീത് ആട്ടോമാറ്റിക് ആയി സഞ്ചയയിൽ ക്യാൻസൽ ആവാനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

d) സുലേഖ പ്ലാൻ

സുലേഖ സോഫ്റ്റ് വെയറിലെ റിപ്പോർട്ടുകൾ പി.ഡി.എഫ് ഫോർമാറ്റിൽ ആണ് ഡൗൺലോഡ് ചെയ്യുമ്പോൾ ലഭ്യമാകുന്നത്. എക്സൽ ഫോർമാറ്റിൽ ലഭ്യമല്ല. പദ്ധതി രൂപീകരണ വേളകളിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ സോഫ്റ്റ് വെയർ കാര്യക്ഷമമായി ലഭിക്കാറില്ല. സ്റ്റാന്റിംഗ് കമ്മിറ്റി തിരിച്ചുള്ള റിപ്പോർട്ട് , വർക്കിംഗ് ഗ്രൂപ്പ് തിരിച്ചുള്ള റിപ്പോർട്ട്, നിർവ്വഹണ രീതി തിരിച്ചുള്ള (ഡെപ്പോസിറ്റ് / നേരിട്ട് / ടെണ്ടർ), സാങ്കേതികാനുമതിയോടെ നടപ്പിലാക്കുന്ന പ്രോജക്ട് തിരിച്ചുള്ള റിപ്പോർട്ട് , പർച്ചേയ്സിംഗ് പ്രോജക്ടുകൾ എന്നിവ തിരിച്ചുള്ള റിപ്പോർട്ടുകൾ ഒന്നും തന്നെ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമല്ല.

വെറ്റിംഗ് ഓഫീസറുടെ അനുമതിയ്ക്കായി അയച്ച പ്രോജക്ട് ഡാറ്റാ എൻട്രി ഫോം തെരഞ്ഞെടുത്തതിൽ അപാകത ഉള്ളതിനാൽ വെറ്റിംഗ് ഓഫീസർ പ്രോജക്ട് റിട്ടേൺ ചെയ്താൽ ഡാറ്റാ എൻട്രി ഫോം തിരുത്തുന്നതിനുള്ള ഓപ്ഷൻ സോഫ്റ്റ് വെയറിൽ ഇല്ല. പ്രോജക്ട് ഡിലീറ്റ് ചെയ്ത് ഇതേ പ്രോജക്ട്

വീണ്ടും ഡാറ്റാ എൻട്രി വരുത്തി മാത്രമേ ഈ പ്രോജക്ട് കൂട്ടിച്ചേർക്കാൻ കഴിയുകയുള്ളൂ.

e) സചിത്ര

സുലേഖ സോഫ്റ്റ് വെയറിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ച് ആസ്തി സൃഷ്ടിക്കൽ, വാങ്ങൽ എന്നിങ്ങനെയുള്ള പദ്ധതികളിൽ തുക ചെലവ് വരുന്ന വേളയിൽ തന്നെ ആട്ടോമാറ്റിക് ആയി സചിത്രയിലേക്ക് ഈ വിവരം മാപ്പ് ചെയ്യാൻ കഴിയുന്നില്ല.

f) സഞ്ചയ വസ്തു നികുതി

tax.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാണ്. ഈ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തുന്ന ഓഫീസിന്റെ വിലാസമോ ഏത് ജില്ലയെന്നോ രേഖപ്പെടുത്തിയിട്ടില്ല. സർട്ടിഫിക്കറ്റിന്റെ അലൈൻമെന്റ് കൃത്യമായി അല്ല ക്രമപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനായി എടുത്തിട്ടുള്ള സർട്ടിഫിക്കറ്റുകൾ എത്രയെണ്ണം ഏതൊക്കെ എന്നതിനെ സംബന്ധിച്ച റിപ്പോർട്ട് സ്ഥാപനത്തിന് ലഭിക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിസ്ക്രിപൻസി റിപ്പോർട്ടിൽ "suspected demand list" എന്ന ഓപ്ഷൻ സസ്പെക്ട് ചെയ്തിട്ടില്ലാത്ത രസീതുകൾ സസ്പെക്ട് എന്ന് കാണിക്കുന്നുണ്ട്. സ്കൂളുകൾ, അംഗൻവാടി കെട്ടിടങ്ങൾ ഉൾപ്പെടെ ഇതിൽ ലിസ്റ്റ് ചെയ്യുന്നുണ്ട്.

g) സകർമ്മ

സകർമ്മ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ട്രയിനിംഗ് ലഭിക്കാത്തതിനാൽ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

## 3-18 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 262 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 247 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2765 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 347 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 347 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 21 |

| | |
|---|---|
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 21 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 417 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 283 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 272 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 117170 |
| ലേബർ കംബോണന്റ് | 401.45 ലക്ഷം |
| ആകെ വരവ് | 429.14 ലക്ഷം |
| ആകെ ചെലവ് | 428.59 ലക്ഷം |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിഹിതം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 39600 | ഹരിശ്രീ നെൽകൃഷി വികസനം | 39600 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 45000 | കേരഗ്രാമം പദ്ധതി | 45000 | 0 |
| നെടുമങ്ങാട് ബ്ലോക്ക് | 2016-17 | 54000 | കേരഗ്രാമം പദ്ധതി | 54000 | 0 |
| നെടുമങ്ങാട് ബ്ലോക്ക് | 2016-17 | 150000 | ജൈവ സുന്ദര ഗ്രാമം | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| നെടുമങ്ങാട് ബ്ലോക്ക് | 2016-17 | 100000 | കരുണ പാലിയേറ്റിവ് കെയർ | 100000 | 0 |
| നെടുമങ്ങാട് ബ്ലോക്ക് | 2016-17 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| നെടുമങ്ങാട് ബ്ലോക്ക് | 2016-17 | 160000 | ജിയോ ഇൻഫോർമേഷൻ മാപ്പിംഗ് | 160000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

*ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.*

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഐ.കെ.എം | ഐ.കെ.എം ന് തുക നൽകൽ | 100000 | 100000 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 348484 | 348484 | 0 |
| കെ.ഡബ്യൂ.എ | ഹോമിയോ ആശുപത്രിക്ക് കുടിവെള്ളം | 46000 | 46000 | 0 |
| കെ.ഡബ്യൂ.എ | അംഗൻവാടികൾക്ക് പൈപ്പ് ലൈൻ | 42000 | 42000 | 0 |
| ഭൂജല വകുപ്പ് | കുടിവെള്ള പദ്ധതി | 86000 | 86000 | 0 |
| കെ.ഡബ്യൂ.എ | പൊതുടാപ്പുകൾ സ്ഥാപിക്കലും പൈപ്പ് ലൈൻ എക്സ്റ്റൻഷനും | 525000 | 525000 | 0 |
| കെ.എസ്.ഇ.ബി | വനിത ക്യാന്റീൻ വൈദ്യുതീകരണം | 17390 | 17390 | 0 |
| കെ.ഡബ്യൂ.എ | കുടിവെള്ളം എസ്.സി | 334999 | 334999 | 0 |
| കെ.ഡബ്യൂ.എ | കുടിവെള്ള പദ്ധതി എസ്.ടി | 465000 | 465000 | 0 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 500000 | 500000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | നം/ ചെക്ക് നം. | | | |
| ഇല്ല | | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് മുതൽ തിരിച്ചടവ് | സ.ഉ(സാധാ)/207/2010/തസ്വഭവ, 20.01.2010 | 19038000 | 5711400 | - | - | 5711400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഓഡിറ്റ് ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97433701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63552966 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 169430 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10728444 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആൾ |
|---|---|---|
| 3-8 | 45600 | സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 133274 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 367588 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 9761700 | VEO |
| 3-9 | 747570 | സെക്രട്ടറി |
| ആകെ | 11051732 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉദ്യോഗപ്പേരും | പേര് | സ്ഥിരം മേൽവിലാസം |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരോജ ദേവി.ടി.ഒ | എൽ.എസ്.ജി.ഡി, സെക്ഷൻ വെമ്പായം |

| | | |
|---|---|---|
| | | |
| വി.ഇ.ഒ | ശ്രീ.അരുൺ | അരുണോദയം, ജി.സി നഗർ, TC 5/796(2) പേരൂർക്കട പി.ഒ |
| എച്ച്.എം | ശ്രീമതി.വിമല ദേവി.റ്റി | ഭവാനി, പിരപ്പൻകോട് പി.ഒ<br>9495903110 |
| സെക്രട്ടറി | ശ്രീ.എ.തങ്കപ്പൻ | കുഞ്ഞ് വീട്, മാങ്കുഴി, പാങ്ങപ്പാറ പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം എഫ്.റ്റി.ഡി.ജി.പി6/302/13. തീയതി.12-06-2014. | 15 മുതൽ 34 വരെ. | |
| 2001-02 | നം.എൽ.എഫ്. റ്റി. ഡി.ജി.പി.6/324/05. തീയതി.12-06-14 | ഇല്ല. | |
| 2002-03 | നം. എൽ.എഫ്.റ്റി.ഡി.ജി.പി. 536/05. തീയതി.12-06-14. | 2 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.682/07. തീയതി.12-06-14. | 8. | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1151/08/ 12-06-14. | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി. പി.1136/08 /26-11-10. | 20 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.6/1064/09/ 11-01-12. | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/ 768/10 /22-12-11. | 20 | |

| | | | |
|---|---|---|---|
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.6/769/10/ 22-12-11. | 15 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/ 1516/13 /25-10-13 | 13 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/924 /12/3-3-14 | 17 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1245 /14/2-2-15 | | |
| 2013-14 | കെ.എസ്.എ റ്റി.വി.എം.ജി.പി6/710 /2015, 11/9/15 | 16 | |
| 2014-15 | കെ.എസ്.എ റ്റി.വി.എം.ജി.പി6/1232/16, 20/7/16/ | 19 | |
| 2015-16 | കെ.എസ്.എ റ്റി.വി.എം.ജി.പി6/2011 /2016, 24.11.16 | 11 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ value based ആയി എഴുതി സൂക്ഷിക്കുന്നില്ല.2015-16 General ledger trial balance പ്രകാരമുള്ള നീക്കിയിരിപ്പ് 504688221/- രൂപയാണ്. എന്നാൽ 2016-17 ലെ General ledger trial balance പ്രകാരമുള്ള മുന്നിരിപ്പ് 87647554/- രൂപയാണ്.

3.2016-17 വാർഷികധനകാര്യപത്രിക RP-43 Schedule പ്രകാരം D&O ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായി 600/-രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 2015-16 വാർഷികധനകാര്യപത്രിക B-15 Schedule -ൽ D&O ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

4.VPFA-II(A),II(B),II(C),III(road,non-road) തനത് ഫണ്ട് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

5.ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

6.നികുതി വരവുകളിൽ വ്യത്യാസം

| ഇനം | രജിസ്റ്റർ പ്രകാരം<br>തുക | AFS പ്രകാരം<br>തുക |
|---|---|---|
| D&O ലൈസൻസ്<br>(തൻ വർഷം ) | 97050 | 114290 |
| D&O ലൈസൻസ് (കുടിശിക ) | 400 | 600 |
| തൊഴിൽ നികുതി | 1243950 | 1245450 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്/-